LIBRARY ARCHIVES Kerala Legislative Assembly

2014-15-ലെ വാർഷിക പദ്ധതി ചെലവ്

48 (3332) ശ്രീ. ഇ. പി. ജയരാജൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15-ൽ സംസ്ഥാനത്തിന്റെ നിശ്ചയിക്കപ്പെട്ട വാർഷിക പദ്ധതി ചെലവ് എത്രയാണ് ;

(ബി) ആദ്യം നിശ്ചയിക്കപ്പെട്ട വാർഷിക പദ്ധതി ചെലവ് ഏതെങ്കിലും ഘട്ടത്തിൽ വെട്ടിക്കുറയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) അങ്ങനെയെങ്കിൽ എത്ര തുക വെട്ടിക്കുറച്ചുവെന്നും പുതുക്കിയ വാർഷിക പദ്ധതിചെലവ് എത്രയെന്നും വ്യക്തമാക്കുമോ ;

(ഡി) ആദ്യം നിശ്ചയിക്കപ്പെട്ട വാർഷിക പദ്ധതി ചെലവ് വെട്ടിക്കുറയ്ക്കുവാൻ തീരുമാനിക്കുവാനിടയായ സാഹചര്യങ്ങൾ വിശദീകരിക്കുമോ ;

(ഇ) വിവിധ വകുപ്പുകൾ 2014 നവംബർ 30 വരെ ചെലവഴിച്ച പദ്ധതി തുക എത്രയെന്ന വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15-ൽ നിശ്ചയിക്കപ്പെട്ട വാർഷിക പദ്ധതി ചെലവ് 20000 കോടി രൂപയാണ്.

(ബി) ആദ്യം നിശ്ചയിക്കപ്പെട്ട വാർഷിക പദ്ധതി ചെലവ് വെട്ടിക്കുറയ്ക്കുവാൻ തീരുമാനിച്ചിട്ടില്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

(ഇ) 2014 നവംബർ 30 വരെ ചെലവഴിച്ച പദ്ധതി തുകയുടെ കണക്ക് ശേഖരിച്ചുവരുന്നു.